19926
2019114

# കേരള സർക്കാർ

## സംഗ്രഹം

സാംസ്കാരികകാര്യ വകുപ്പ് - കേരള ലളിതകലാ അക്കാദമിയിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം, അലവൻസുകൾ, മറ്റാനുകൂല്യങ്ങൾ എന്നിവ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

**സ.ഉ.(എം.എസ്).14/2017/സാം.കാ.വ തീയതി, തിരുവനന്തപുരം, 30/06/2017.**

പരാമർശം:- 1. 27/01/2014 ലെ സ.ഉ(സാധാ) നം.55/2014/സാം.കാ.വ
2. 20.01.16-ലെ സ.ഉ(പി)നം.7/2016/ധന
3. കേരള ലളിതകലാ അക്കാദമി സെക്രട്ടറിയുടെ 06/12/2016 ലെ KLKC 409/2016 നമ്പർ കത്ത്

## ഉത്തരവ്

കേരള ലളിതകലാ അക്കാദമി ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം അനുവദിച്ച നൽകണമെന്ന് കേരള ലളിതകലാ അക്കാദമി സെക്രട്ടറി പരാമർശം (2) പ്രകാരം, സർക്കാരിൽ അപേക്ഷിച്ചു. ഒൻപതാം ശമ്പള പരിഷ്കരണത്തിനുശേഷം, കേരള ലളിതകലാ അക്കാദമിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ, എന്നാൽ പരാമർശം (1) ഉത്തരവ് പ്രകാരം, അറ്റന്റന്റുടെ ശമ്പളസ്കെയിൽ 8500-13210 എന്ന് മാറ്റിയിട്ടുള്ളത് ഒഴികെ, ശമ്പളത്തിലോ മറ്റാനുകൂല്യത്തിലോ മാറ്റം വരുത്തുകയോ ചെയ്തിട്ടില്ലെന്നും കേരള ലളിതകലാ അക്കാദമി സെക്രട്ടറി അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ സാഹചര്യത്തിൽ, കേരള ലളിതകലാ അക്കാദമിയിലെ ജീവനക്കാരുടെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം, അലവൻസുകൾ എന്നിവ പരാമർശം (2) ഉത്തരവിന്റെ അനക്സർ 1 പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | തസ്തിക | എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പുതുക്കിയ ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | സെക്രട്ടറി | 1 | വ്യവസ്ഥകൾക്ക് വിധേയം | |
| 2 | മാനേജർ | 1 | 14620-25280 | 27800-59400 |
| 3 | എക്സിബിഷൻ ഓഫീസർ | 1 | 16180-29180 | 30700-65400 |
| 4 | അസിസ്റ്റന്റ് എക്സിബിഷൻ ഓഫീസർ | 1 | 14620-25280 | 27800-59400 |

| | | | | |
|---|---|---|---|---|
| 5 | യു.ഡി.ക്ലർക്ക് | 1 | 11620-20240 | 22200-48000 |
| 6 | അക്കൗണ്ടന്റ് | 1 | 11620-20240 | 22200-48000 |
| 7 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | 10480-18300 | 20000-45800 |
| 8 | കെയർ ടേക്കർ | 2 | 9940-16580 | 19000-43600 |
| 9 | എൽ.ഡി.ക്ലർക്ക് | 1 | 9190-15780 | 18000-41500 |
| 10 | ഡ്രൈവർ | 1 | 9190-15780 | 18000-41500 |
| 11 | പ്യൂൺ | 2 | 8500-13210 | 16500-35700 |
| 12 | അറ്റൻഡർ-ലാസ്റ്റ് ഗ്രേഡ് | 2 | 8500-13210 | 16500-35700 |
| 13 | നൈറ്റ് വാച്ച്മാൻ | 1 | 8500-13210 | 16500-35700 |
| 14 | വാച്ച്മാൻ | 1 | 8500-13210 | 16500-35700 |
| 15 | സ്വീപ്പർ കം ഗാർഡ്നർ | 1 | 8500-13210 | 16500-35700 |

(i) മേൽ ശമ്പള പരിഷ്കരണം 01.07.2014 മുതലും പരിഷ്കരിച്ച മറ്റു അലവൻസുകൾ 01.02.2016 മുതലും പ്രാബല്യത്തിൽ വരുന്നതാണ്.

(ii) ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ സർവീസ് വെയിറ്റേജ് ഒഴികെയുള്ള വിഷയങ്ങളിൽ 20/01/2016 ലെ സ.ഉ(പി)നം.7/2016/ധന നമ്പർ ഉത്തരവിന്റെ അനക്സർ II-ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. സർവീസ് വെയിറ്റേജിന് അക്കാദമിയിലെ സർവീസ് മാത്രമേ കണക്കിലെടുക്കേണ്ടതുള്ളൂ.

ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ 20/01/2016-ലെ സ.ഉ(പി)നം.7/2016/ധന നമ്പർ ശമ്പള പരിഷ്കരണ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ചുവടെ പറയുന്ന നിയമങ്ങൾ അപാകതകൾ കൂടാതെ പാലിക്കേണ്ടതാണ്.

| അലവൻസുകൾ | |
|---|---|
| DA | ഖണ്ഡിക (13) |
| HRA | ഖണ്ഡിക (14) |
| CCA | ഖണ്ഡിക (16) |
| TA | ഖണ്ഡിക (29) |

(iv) സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 20/01/2016-ലെ സ.ഉ(പി) നം.7/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക (7)-ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. പരിഷ്കരിച്ച സമയ ബന്ധിത ഹയർ ഗ്രേഡ് സ്കെയിലുകൾ പ്രാബല്യത്തിൽ വരുന്ന തീയതി 01.02.2016 ആണ്.

(v) റേഷ്യോ പ്രൊമോഷൻ / അപ്ഗ്രഡേഷൻ / തസ്തിക പുനർ നാമകരണം തുടങ്ങിയവ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല. സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ സ്കെയിൽ ഉയർത്തുവാനോ പാടുള്ളതല്ല.

(vi) സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും കേരള ലളിതകലാ അക്കാദമി ജീവനക്കാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ്.

(vii) ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുൻപ് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ്.

(vii) ശമ്പള പരിഷ്കരണത്തിനുവേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത കേരള ലളിതകലാ അക്കാദമി ഫണ്ടിൽ നിന്ന് നിർവഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല .

(ix) കരാർ അടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല.

(x) അക്കാദമിയിലെ ഉദ്യോഗസ്ഥ നിയമനങ്ങൾ കേരള ലളിത കലാ അക്കാദമി സ്റ്റാഫിന്റെ നിയമനവും സേവന വ്യവസ്ഥകളും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 5 (എ ) അനുശാസിക്കുന്ന പ്രകാരം എംപ്ലോയ്മെന്റ് / പത്ര പരസ്യം മുഖേനെ മാത്രം നടത്തേണ്ടതും ചട്ടം 7 (എ ) പ്രകാരം നിശ്ചിത കാലാവധി തീരുന്ന മുറയ്ക്ക് ടി ജീവനക്കാരെ പിരിച്ച് വിടേണ്ടതുമാണ്.

(xi) ലളിതകലാ അക്കാദമിയിലെ ഉദ്യോഗസ്ഥ നിയമനങ്ങളിൽ പിന്നോക്ക സമുദായക്കാർക്കും, പട്ടികജാതി, പട്ടികവർഗ്ഗ ജീവനക്കാർക്കുമുള്ള നിയമാനുസൃത സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്.

(xii) മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് കേരള ലളിതകലാ അക്കാദമി സെക്രട്ടറി വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
സെക്രട്ടറി

1. സെക്രട്ടറി, കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ
2. ഡയറക്ടർ, സാംസ്കാരികവകുപ്പ്, തൈക്കാട്, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
5. ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം
6. ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തൃശ്ശൂർ
7. സബ് ട്രഷറി ഓഫീസർ, സെക്രട്ടറിയേറ്റ് സബ്ട്രഷറി, തിരുവനന്തപുരം
8. ധനകാര്യ വകുപ്പ് ((E-282059)EDN-C3/136/2016-FIN Dated 18.04.2017 പ്രകാരം)
9. പൊതുഭരണ (എസ്.സി) വകുപ്പ് (8/6/2017 ലെ ഇനം നം.1085 പ്രകാരം)
10. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 08-06-2017

ഫയൽ നം.എ1/127/2016/സി.എൽ.എ.ഡി. ഇനം നം: 1085

വിഷയം : സാംസ്കാരിക കാര്യ വകുപ്പ് - കേരള ലളിതകല അക്കാദമി ജീവനക്കാർക്ക്, 10-ാം ശമ്പള പരിഷ്കരണം അനുവദിച്ചു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)**
**(മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്)**

| | | |
|---|---|---|
| 1) | ഫയൽ നമ്പർ | എ 1/127/2016/സി.എൽ.എ.ഡി |
| 2) | വകുപ്പ് | സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3) | വിഷയം | കേരള ലളിതകല അക്കാദമി ജീവനക്കാർക്ക്, 10-ാം ശമ്പള പരിഷ്കരണം അനുവദിച്ച് നൽകുന്നത് - സംബന്ധിച്ച് |
| 4) | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 19/05/2017 |
| | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | അതെ |
| | (ii) ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6) | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7) | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.സജിനി എസ്. |
| 8) | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി.റാണി ജോർജ്ജ് |
| 9) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 25/05/2017 |
| 10) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി.നളിനി നെറ്റോ |
| 11) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26/05/2017 |
| 12) | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ എ.കെ.ബാലൻ |
| 13) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 02/06/2017 |
| 14) | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 05/06/2017 |
| 15) | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16) | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള ലളിതകലാ അക്കാദമി ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കേരള ലളിതകലാ അക്കാദമി ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം അനുവദിച്ചു നൽകണമെന്ന് ലളിതകലാ അക്കാദമി സെക്രട്ടറി സർക്കാരിൽ അപേക്ഷിച്ചു. ഒൻപതാം ശമ്പള പരിഷ്കരണത്തിനുശേഷം, കേരള ലളിതകലാ അക്കാദമിയിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ലെന്നും, എന്നാൽ 27/01/2014 ലെ സ.ഉ(സാധാ) നം.55/2014/സാം.കാ.വ പ്രകാരം അറ്റന്ററുടെ ശമ്പളസ്കെയിൽ 8500-13210 എന്ന് മാറ്റിയിട്ടുണ്ട് എന്നും കേരള ലളിതകലാ അക്കാദമി സെക്രട്ടറി അറിയിച്ചു.

3. കേരള ലളിതകലാ അക്കാദമി ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം നടത്തുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടു.

കേരള ലളിതകലാ അക്കാദമിയിലെ ജീവനക്കാരുടെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം, അലവൻസുകൾ എന്നിവ 20.01.2016-ലെ സ.ഉ (പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ അനക്സർ 1 പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിഷ്കരിക്കാവുന്നതാണ്.

| ക്രമ നമ്പർ | തസ്തിക | എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പുതുക്കിയ ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | സെക്രട്ടറി | 1 | വ്യവസ്ഥകൾക്ക് വിധേയം | |
| 2 | മാനേജർ | 1 | 14620-25280 | 27800-59400 |
| 3 | എക്സിബിഷൻ ഓഫീസർ | 1 | 16180-29180 | 30700-65400 |
| 4 | അസിസ്റ്റന്റ് എക്സിബിഷൻ ഓഫീസർ | 1 | 14620-25280 | 27800-59400 |
| 5 | യു.ഡി.ക്ലർക്ക് | 1 | 11620-20240 | 22200-48000 |
| 6 | അക്കൗണ്ടന്റ് | 1 | 11620-20240 | 22200-48000 |

| | | | | |
|---|---|---|---|---|
| 7 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | 10480-18300 | 20000-45800 |
| 8 | കെയർ ടേക്കർ | 2 | 9940-16580 | 19000-43600 |
| 9 | എൽ.ഡി.ക്ലർക്ക് | 1 | 9190-15780 | 18000-41500 |
| 10 | ഡ്രൈവർ | 1 | 9190-15780 | 18000-41500 |
| 11 | പ്യൂൺ | 2 | 8500-13210 | 16500-35700 |
| 12 | അറ്റൻഡർ-ലാസ്റ്റ് ഗ്രേഡ് | 2 | 8500-13210 | 16500-35700 |
| 13 | നൈറ്റ് വാച്ച്മാൻ | 1 | 8500-13210 | 16500-35700 |
| 14 | വാച്ച്മാൻ | 1 | 8500-13210 | 16500-35700 |
| 15 | സ്വീപ്പർ കം ഗാർഡ്നർ | 1 | 8500-13210 | 16500-35700 |

(i) മേൽ ശമ്പള പരിഷ്കരണം 01.07.2014 മുതലും പരിഷ്കരിച്ച മറ്റു അലവൻസുകൾ 01.02.2016 മുതലും പ്രാബല്യത്തിൽ വരുന്നതാണ്.

(ii) ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ സർവീസ് വെയിറ്റേജ് ഒഴികെയുള്ള വിഷയങ്ങളിൽ 20/01/2016 ലെ സ.ഉ(പി)നം.7/2016/ധന നമ്പർ ഉത്തരവിന്റെ അനക്സർ II-ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. സർവീസ് വെയിറ്റേജിന് അക്കാദമിയിലെ സർവീസ് മാത്രമേ കണക്കിലെടുക്കേണ്ടതുള്ളൂ.

(iii) ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ 20/01/2016-ലെ സ.ഉ(പി)നം.7/2016/ധന നമ്പർ ശമ്പള പരിഷ്കരണ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ചുവടെ പറയുന്ന നിയമങ്ങൾ അപാകതകൾ കൂടാതെ പാലിക്കേണ്ടതാണ്.

| അലവൻസുകൾ | |
|---|---|
| DA | ഖണ്ഡിക (13) |
| HRA | ഖണ്ഡിക (14) |
| CCA | ഖണ്ഡിക (16) |
| TA - | ഖണ്ഡിക (29) |

(iv) സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 20/01/2016-ലെ സ.ഉ(പി)നം.7/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക (7)-ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. പരിഷ്കരിച്ച സമയ ബന്ധിത ഹയർ ഗ്രേഡ് സ്കെയിലുകൾ പ്രാബല്യത്തിൽ വരുന്ന തീയതി 01.02.2016 ആണ്.

(v) റേഷ്യോ പ്രൊമോഷൻ / അപ്ഗ്രഡേഷൻ / തസ്തിക പുനർ നാമകരണം തുടങ്ങിയവ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല. സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ സ്കെയിൽ ഉയർത്തുവാനോ പാടുള്ളതല്ല.

(vi) സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും കേരള ലളിതകലാ അക്കാദമി ജീവനക്കാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ്.

(vii) ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുൻപ് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ്.

(viii) ശമ്പള പരിഷ്കരണ ശുപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും കരട് ശമ്പള പരിഷ്കരണ ഉത്തരവ് സൂക്ഷ്മ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിലേക്ക് അയക്കുകയും ചെയ്യേണ്ടതാണ്.

(ix) ശമ്പള പരിഷ്കരണത്തിനുവേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത കേരള ലളിതകലാ അക്കാദമി ഫണ്ടിൽ നിന്ന് നിർവഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല .

(x) കരാർ അടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല.

(xi) അക്കാദമിയിലെ ഉദ്യോഗസ്ഥ നിയമനങ്ങൾ കേരള ലളിത കലാ അക്കാദമി സ്റ്റാഫിന്റെ നിയമനവും സേവന വ്യവസ്ഥകളും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 5 (എ ) അനുശാസിക്കുന്ന പ്രകാരം എംപ്ലോയ്മെന്റ് / പത്ര പരസ്യം മുഖേനെ മാത്രം നടത്തേണ്ടതും ചട്ടം 7 (എ ) പ്രകാരം നിശ്ചിത കാലാവധി തീരുന്ന മുറയ്ക്ക് ടി ജീവനക്കാരെ പിരിച്ച് വിടേണ്ടതുമാണ്.

(xii) ലളിതകലാ അക്കാദമിയിലെ ഉദ്യോഗസ്ഥ നിയമനങ്ങളിൽ പിന്നോക്ക സമുദായക്കാർക്കും, പട്ടികജാതി, പട്ടികവർഗ്ഗ ജീവനക്കാർക്കുമുള്ള നിയമാനുസൃത സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്.

(xiii) മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് കേരള ലളിതകലാ അക്കാദമി സെക്രട്ടറി വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്. ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട്".

4. കേരള ലളിതകലാ അക്കാദമി ജീവനക്കാരുടെ 10-ാം ശമ്പള പരിഷ്കരണ ശുപാർശ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവ് നൽകി.

## <u>തീരുമാനിക്കേണ്ട വിഷയം</u>

ധനകാര്യ വകുപ്പ് നിർദ്ദേശിച്ച വ്യവസ്ഥകൾക്ക് വിധേയമായി കേരള ലളിതകലാ അക്കാദമിയിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം, അലവൻസുകൾ, മറ്റാനുകൂല്യങ്ങൾ എന്നിവ പരിഷ്കരിക്കാവുന്നതാണോ?